ഉത്തരം

(എ)

കൃഷിവേന്റെ പേര്	കണക്ഷൻ നൽകിയത് (എണ്ണം)	കണക്ഷൻ നിലനിൽക്കുന്നത് (എണ്ണം)
തണ്ണീർമുക്കം	389	339
കഞ്ഞിക്കുഴി	525	519
പട്ടണക്കാട്	194	194
ചേർത്തല മുനിസിപ്പാലിറ്റി	257	235
വയലാർ	199	199
മുഹമ്മ	322	312
കടക്കരപ്പള്ളി	59	59
ചേർത്തല തെക്ക്	424	380
ആകെ	2369	2237

(ബി) കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചവരിൽ 2237 പേർ നിലവിൽ കൃഷി ചെയ്യുന്നുണ്ട്. മുഴുവൻ പേരും നിശ്ചിത അളവിൽ കൃഷി ഭൂമി ഉള്ളവരാണ്.

(സി) കടിശ്ശികയുണ്ട്.

(ഡി) ചേർത്തല മണ്ഡലത്തിൽ ആകെ 49083 രൂപ സൗജന്യ വൈദ്യുതിയിനത്തിൽ കെ.എസ്.ഇ.ബി.-യ്ക്ക് കുടിശ്ശികയുണ്ട്.

കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നൂതന കർമ്മപദ്ധതികൾ

128 (1537) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയുടെ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വിളകളിൽ മുൻവർഷത്തെക്കാൾ വിസ്തൃതി, ഉൽപ്പാദനം എന്നിവയിൽ കുറവ് ഉണ്ടായെന്നും അത് എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭക്ഷ്യവിളകളിൽ ഉണ്ടായ ഉല്പാദനക്കുറവിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ ; ഇവയുടെ വിസ്തൃതിയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നൂതന കർമ്മപദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14 വർഷത്തിൽ 75320 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും 199611 ഹെക്ടർ സ്ഥലത്ത് നെല്ലും കൃഷി ചെയ്തിട്ടുണ്ട്. ആകെ 11.9 ലക്ഷം ടൺ പച്ചക്കറിയും 5.64 ലക്ഷം മെട്രിക് ടൺ നെല്ലും ഉല്പാദിപ്പിച്ചു. പച്ചക്കറികളുടെയും നെല്ലിന്റെയും ഉല്പാദനക്ഷമത യഥാക്രമം ഹെക്ടറിന് 15.8 ടണ്ണും 2827 കിലോഗ്രാമും ആയിരുന്നു.

(ബി&സി) പച്ചക്കറി, നെല്ല് എന്നീ വിളകളിൽ മുൻ വർഷത്തേക്കാൾ ഉല്പാദന കുറവ് രേഖപ്പെടുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

കാസർഗോഡ് നിരോധിച്ചിട്ടുള്ള കീടനാശിനികൾ

129 (1538) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളതെന്നും ഈ കീടനാശിനികൾ മറ്റുള്ള പേരുകളിൽ ജില്ലയിൽ വിതരണം നടത്തിവരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ താഴെപ്പറയുന്ന കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളത്.

കീടനാശിനികൾ :

1. എൻഡോസൾഫാൻ
2. കാർബോഫുറാൻ
3. ഫോറേറ്റ്
4. മിതൈൽ പാരത്തയോൺ
5. മോണോക്രോട്ടോഫോസ്
6. മിതൈൽ ഡിമറ്റോൺ
7. ട്രയാസോഫോസ്
8. പ്രോഫനോഫോസ്

LIBRARY ARCHIVES Kerala Legislative Assembly